
Little World
G.H.S.S
Thirunelloor


ഗവ HSS തിരുനല്ലൂർ

# Editorial Board

Chief Editor:Albin Thomas
Sub Editor:Ciril Jose

## Editorial Team

Sandra S.

Abitha Biju

Privya Shaji

Akhosh M.

Midhun T.R.

Prestin V Bency

## Cover Design

Abhijith N.P.



# സന്ദേശം

കുട്ടികളുടെ സാങ്കേതികപരവും ബുദ്ധിപരവും ഭാവനാപരവുമായ കഴിവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികൾ പൂർത്തിയാക്കിയ" LittleWorld" എന്ന മാഗസിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

'

ദേവപ്രദീപ് കെ

ഹെഡ്മാസ്റ്റർ

## ഉള്ളടക്കം

ലേഖനം..........................................................6
ക്വിസ്..........................................................7
ലേഖനം ..........................................................8
ഫ്രെയ്സൽ വെർബ്സ്..........................................................10
കവിത( ദി മൂൺ)..........................................................12
പ്രോവെർബ്സ്..........................................................14
ലേഖനം..........................................................15
ട്രിക്കി ക്വസ്റ്റ്യൻസ്..........................................................16
ലേഖനം..........................................................17
ലേഖനം..........................................................18
ഊഹിക്കു..........................................................19
കവിത( അതിജീവനം)..........................................................23
കവിത( സാന്ദ്രസൗഹൃദം)..........................................................24
ചെറുകവിതകൾ..........................................................25
ഫലിതബിന്ദുക്കൾ..........................................................27
കവിത..........................................................28
ലേഖനം..........................................................31
കടംകവിതകൾ..........................................................33
ലേഖനം..........................................................37
കടംകഥകൾ..........................................................39
ക്വിസ്..........................................................41
ജീവചരിത്രം..........................................................50
ലേഖനം..........................................................51
കഥ..........................................................55

*ചെറുകവിതകൾ.........................................................................57*
*കവിത(മഴനനയരുതേ പൂമ്പാറ്റേ)..........................................60*
*കവിത(ഇൗണം)...........................................................................61*
*പ്രകൃതീ മനോഹരീ...................................................................62*
*കവിത(പ്രളയം)..........................................................................65*
*വേഗത്തിൽ ചൊല്ലാമോ..............................................................67*
*കുസൃതി ചോദ്യങ്ങൾ...................................................................68*



# VAIKOM VIJALAKSHMI



Vaikom Vijalakshmi is a gifted singer with a unique voice She is a blind by birth. Right from early childhood, she showed extra ordinary talent in singing. She could easily identify the raga of a song even if heard for the first time. She learned almost a hundred of ragas without any formal training in music. She is also a playback singer. The song Katte Katte sung by her in the Malayalam movie Celluloid won great appreciation

By:Jeevan jose
ghss thirunalloor
9 A

## Quiz festival 2019




1."there never was a good war or a bad peace”.Which American man of genius observed thus?

Benjamin franklin

2.What is the native name of the chilean island where these stone faces called moai are seen?

Rapa nui aka Easter island

3.Wher in India is this of gigantic sculpture of the wounded Jatayu ,who tried to rescue sita devi ,adorning a rock theme nature park?

Jatayu nature park ,Chadyamangalam in Kollam district of kerala

4.Who is the father of our nation?

Mohandas Karamchand Gandhi

5.Which poem of Kalidasa,sets lovers against the backdrop of the six seasons?

Rithusamhara

6.who introduced the term of copy left?

Richard Stallman

7.Who is the first former prime minister to be the leader of thre opposition in the lok sabha?

Rajiv Gandhi

8.The name of which moon goddess did China choose for its robotic lunar probe spacecraft in 2007?

Chang'e

9.Which river is referred to as the father of waters from its title given by the Algokian indians? Mississipi

Albin Thomas
9B

# Article

**"No one is born great. But great people are moulded great"**

We are living in an age in which technological changes are brought fast and vast. Also today we are living in a paradox society. In one side technological changes are progressing fast where as problems of alcohol,drug abuse,crime violence etc are increasing.

We consider one's dignity and personality on his mental ,physical , educational, cultural and spiritual development.. Our daily news give us shock and embarassment every day. Sources of good are dried up. Evil seeds are sown and grown up in the minds of youngsters. We can see a society of selfishness. Our youngsters become addict of drugs . Their circumstances may lead them to these type of evil things. To save them from the impending doom teachers and parents should be able to spend some time with their children and become more aware of them

Here is the significance of value based education. What is value based education. Value education is the process by which people give moral values to other. Value education should be aimed at promoting care, love, respect and co operation. Our government authorities have made considerable changes in the teaching and learning process to upgrade our childrens' education . All classes are computerised and renewed to achieve this aim. Our children consider education as a means of living. But education is much more than that. Education should inculcate social awareness and self proud, and co-operation among them. An educated person should not be a fanatic. He would respect all religious activities.

Our teachers and parents play a vital role in lifting up and moulding up of our children . They have to explore them . Now we don't have time to appreciate and uplift the skills and abilities of our children. Teachers and parents should transmit and impart values to our

children. Value based education is the process to develop awareness of what is right, what is good etc. So values should inculcate in the children. It helps them to become good mannered,well -behaved and socially acceptable well beings. I hope this vital aspect of education will be highlighted in ensuing years.

Princy Samuel
HSA



# PHRASAL VERBS

## B

| | | |
|---|---|---|
| **bring up** | **:** | **educate and provide care** |
| **bring in** | **:** | **produce, yield** |
| **bring out** | **:** | **publish** |
| **bring forth** | **:** | **give birth** |

## C

| | | |
|---|---|---|
| **carry on** | **:** | **continue** |
| **carry out** | **:** | **perform** |
| **carry off** | **:** | **complete successfully** |
| **carry over** | **:** | **transfer** |

## G

| | | |
|---|---|---|
| **get back** | **:** | **return to a place** |
| **get away** | **:** | **escape** |
| **get down** | **:** | **alight** |
| **get round** | **:** | **overcome difficulty** |
| **get across** | **:** | **communicate successfully** |

## M

**make out = understand**
**make off = to hurry away**
**make up for = compensate**
**make of = try to understand**

## P

**put off = post pone**
**put up = stay**
**put across = communicate**
**put down = suppress**
**put out = extinguish fire**

**Prestin V Bency**
**std 9 A**



# THE MOON



ONE day I was sleeping
I woke up and keep a walking
I looked to the sky I saw the moon
With light and bright  and as a boon

Inside the moon I saw a rabbit
It was the rabbit's habit
Show way in the dark
When see a mark

It's looks like a scars
The spawn of the moon was the stars
The moon is a ball that bounce
Floating in the dark sky that jounce

Slowly silently now the moon

walks the night in her silver spoon
The moon show me a handsome
way in my blank bosom

PrestinV Bency
std 9A



# PROVERBS

**A- : A friend in need is a friend indeed**
**B : Barking dog seldom bite**
**C : Charity begins at home**
**D : Different drops big water**
**E : Empty vessels make the most sound**
**F : Familiarity breeds contempt**
**G : Give elephant, but not hope**
**H : Health is better than wealth**
**I : Idleness is the root of all evil**
**J : January commits the fault, May bears the blame**
**K : Knife is not much sharper than tongue**
**L : Lazy man finds no leisure time**
**M : Many hands make work light**
**N : No answer is an answer**
**O : Opportunity makes the thief**
**P : Prevention is better than cure**
**Q : Quickly come quickly go**
**R : Rats know the way of rats**
**S : Slow and steady wins the race**
**T : Time and tide waits for no man**
**U : Union is strength**
**V : Virtue is it s own reward**
**W : When money speaks the truth is silent**
**Y : Yesterday's blossom only a memory today**
**Z : Zero is the beginning and end of everything**

**Prestin V Bency 9A**

# STEPHEN WILLIAM HAWKING



Stephen William Hawking is a great physicist known for his word regarding black holes in space. He authored several science books. Even at an early age, hawking showed a passion for science and astronomy. At the age of twenty one, while studying at Cambridge, he was diagnosed with a serious disease. Gradually, he became entirely paralysed and his life got confined to a wheel chair. Despite his illness, he has done ground-breaking work in Physics and Astronomy.

By:Jeevan jose
G.H.S.S. THIRUNALOOR
9 A

# Tricky questions

Which letter asks reason : Y
Which letter brings honey : B
What dress does a letter wear? : 'A' dress
Which bow can not be broken : Rain bow
Which jam can not be eaten : Traffic jam
What is full of holes but holds water: sponge
What begins with 'T' and ends with 'T' and is full of 'T' - Tea pot
Which room has no doors,no windows, no walls : mushroom
Which country tells you wait : Kuwait
Which room visits other rooms : broom
Which ants do have two legs : pants
Tell what grows when you take more out of it : hole
What is white when it is dirty ,and black when it is clean : Black board
It has teeth but can not bite : comb
I am in the house and the church : father
The building that has most stories : library
A smart fellow with many shirts : Onion

Prestin V Bency

# RARE ART & SCULPTURES...

## 1.KIRIE ART by Masayo Fukuda

Masayo Fukuda is a master of kirie,the japanese art of paper cutting. The traditional craft involves negative space being cut from a single sheet of white paper and then contrasted against a black background. She has a 25 years experience







## 2.Balancing photography..

Andrian Grey is the pioneer of stone balancing art. He is working predominantly with sculpture and photography,exploring the natural world of balance. He creates balancing sculptures using weathered stone ranging size from small tactile rocks to massive granite boulders.  His hobby is to create sculptures,photographing them in natural locations to capture their transient beauty.

Ciril Jose 9A





# INSPIRING CORNER...

## Jessica Cox



**Jessica Cox** (born 1983 in Arizona) is the world's first licensed armless pilot,as well as the armless black belt in the American Taekwondo Association. She was born without arms due to a rare birth defect. Jessica Cox graduated from University of Arizonia with bachelor's degree in psychology and a minor in communications. She is able to drive an unmodified car with an unrestricted licence, to type on a keyboard at 25 words per minute, She is also a certified scuba diver.

## Nicholas James Vujicic





Nicholas James Vujicic is an Australian Christian evangelist and motivational speaker born with tetra-amelia syndrome a rare disorder characterized by the absence of arms and legs. But he is able to swim,surf,play soccer etc. By Ciril Jose 9A


# GUESSING CORNER


## GUESS THE COUNTRY





1. 


2. 


3. 


4. 



5. 


6. 


7. 


# Answers:

**1.China 2.Oman 3.Iceland 4.Japan 5.Ukraine 6.Serbia 7.Singapore** **by Ciril 9A**


Little World
acer

# അതിജീവനം



ഈ കുഞ്ഞുപുല്ലിന് വേനലിനെ
അതിജീവിക്കാനാകുമോ?
കൊന്നമരമേ,
വെയിലിനെ ഉരുക്കി സ്വർണമാക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ
ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ....
അല്ലെന്നാൽ,
ചെറുതല്ലേ എന്നുവച്ച്
വേനൽ അതിനെ
പച്ചയ്ക്ക് തിന്നുകളയും!

-ആഘോഷ് എം 9B

## സാന്ദ്രസൗഹൃദം

സാന്ദീപനീഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും നാം സാദരം
വേദശാസ്ത്രങ്ങളഭ്യസിച്ചതും
സാന്ദ്രസൗഹൃദസംബന്ധം നമ്മിലുണ്ടായതും സഖേ
സാരനായ ഭാവനൊന്നും മറന്നില്ലല്ലീ?
ഗുരുപത്നീനിയോഗേന കദാചന നാമെല്ലാരും
ഒരുമിച്ച് വിറകില്ലാഞ്ഞിട്ടു പോയതും
പെരുങ്കട്ടിൽ പുക്കിന്ധനമൊടിച്ചുകെട്ടിവച്ചതും
അരുണനസ്തമിച്ചതും മറന്നില്ലല്ലീ?
കൂരിരുട്ടുമാകസ്മികമായൊരു മഹാമഴയും
കൂടിവന്നു കൊടുങ്കാറ്റും കൂടീട്ടസ്സാകം
മോഹമേറെ വളർത്തതുമുഷപ്പോളം തകർത്തതും
ഊഹിച്ചുട്ടുത്തു നാമെല്ലാമൊരുമിച്ചതും
പാർത്തിരിയാതെ പറന്നപോമിക്കാറ്റത്തെന്നൾക്കാമ്പി-
ലോർത്തൊരു തുരപ്പിനുള്ളിലൊളിച്ചന്യോന്യം
കോർത്തു കൈകൾ പിടിച്ചതും പിന്നെപ്പേടിതീരും
വണ്ണം മാർത്താണ്ഡനുമുദിച്ചതും മറന്നില്ലല്ലീ?
താപസനന്തിക്ക നമ്മേക്കാണാഞ്ഞിട്ടു പതിയോടു കോപിച്ചതും പുലർകാലേ
തിരഞ്ഞുകാണ്മാൻ താപംപൂണ്ടു താനേ പുറപ്പെട്ടനേരം കുളുർന്നു നാം
പേടിച്ച് വിറകും കൊണ്ടരികിൽ ചെന്നതും,
ചെമ്മേ വീണനമസ്കരിച്ചതും മഹാമുനി മോദാൽ
നമ്മെയെല്ലാമനുഗ്രഹിച്ചതും തോന്നുന്നോ?
നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ
ജന്മസാഫലര്യം വരുമോ ജനിച്ചാലാർക്കും
(കുചേലവൃത്തം വഞ്ചിപ്പാട്ട്)     സമ്പാദക:

# ചെറുകവിതകൾ

## കണ്ണിലുണ്ണി മണ്ണിര........

മണ്ണിൽ നുഴഞ്ഞു നടക്കുന്ന മണ്ണിര
ഉണ്ണികളേ !നമുക്കുറ്റ ബ
കണ്ടാലഴകില്ലയെങ്കിലും മണ്ണിര
കർഷകർക്കൊക്കയും കണ്ണിലുണ്ണി

## ചെറിയാനേ.......

ആനേ...കുനേ...മുതുകുനേ...
കണ്ടാൽ നീയൊരു ചെറിയാനാ
ആനക്കാരൻ ചെറിയാനേം കൊ-
ണ്ടെങ്ങട്ടു പോണു..നീ...

## കഥകളി......

കഥയുണ്ടയ്യാ! കഥകളിയിൽ
കളിയുണ്ടയ്യാ! കഥകളിയിൽ
കഥയും കളിയും ചേർന്നീടുന്നൊരു
കഥകളി വെറുമൊരു കളിയല്ല.........

# ഓണമുണ്ട്.........

ചിങ്ങമാസത്തിലൊരോണമുണ്ട്
കോടിയായ്  കിട്ടുമൊരോണമുണ്ട്
ഉച്ചക്ക് സദ്യാ നല്ലോണമുണ്ട്
ആടാനൊരാശ നല്ലോണമുണ്ട്



# ഫലിത ബിന്ദുക്കൾ

1.അധ്യാപകൻ:നിങ്ങളുടെ മകൻ കഞ്ചാവ് വലിക്കുന്നുണ്ട്. അവൻ ദേവേന്ദ്രനാണെന്നും ക്ലാസ് ദേവലോകമാണെന്നുമാണ് അവൻ പറയുന്നത്.

ശശി:അവനെ ശപിക്കരുത് നാരദരേ.....

2.വാഹന പരിശോധനയ്ക്കിടയിൽ മന്ത്രവാദിയോട്

പൊലീസുകാരൻ:നിന്നോട് ഊതാൻ പറഞ്ഞിട്ട് എന്താടോ മടിച്ചുനിൽക്കുന്നത് ?

മന്ത്രവാദി:ഞാൻ കോഴിമുട്ടയിലോ,ചരടിലോ മാത്രമേ ഊതാറുള്ളൂ സാർ.

3.കാമുകൻ:ഈ വിവാഹം നടന്നില്ലെങ്കിൽ നമുക്കൊരുമിച്ചു മരിക്കാം.

കാമുകി:മരിക്കാനൊന്നും എന്നെ കിട്ടത്തില്ല.

കാമുകൻ:അതെന്താ?

കാമുകി:ഞൻ മരിച്ചാൽ ഊട്ടിയിൽ പഠിക്കുന്ന എന്റെ മക്കൾക്ക് അമ്മയില്ലാതാകും.

പകർത്തെഴുത്ത്:ആഘോഷ് എം 9B

# കവിത

## പുതുവർഷം


 

അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-
മില്ലാതിരുന്നൊരാപ്പോയ കാലം
മാവേലി നാടുവാണീടുംകാലം പാടി-
പ്പുനരള്ളിപ്പോയ പൊന്നോണക്കാലം,
ദേവിതൻ കോവാലിൽ, കുഞ്ഞുടുപ്പിട്ട ഞാ-
നോരോ പടിയെണ്ണിക്കേറുന്നൊരം
കുപ്പക കുഞ്ഞിക്കൈയെങ്കിൽക്കരിവള
കാപ്പാകുമെന്നമ്മ ചൊന്ന കാലം,
പുസ്തകസഞ്ചിയിൽക്കൊച്ചുനെല്ലിക്കയും

പച്ചപ്പുളിയുമൊളിച്ച കാലം,
ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-
ച്ചാരോടും കൂടി നടന്ന കാലം,
അക്കാലം പൂക്കളം തീർത്തതോർക്കുന്നു ഞാൻ
നിശ്ചയമമ്മയോടൊത്തുതന്നെ
മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ
ആകുലചിന്തകളായിരം കുന്തങ്ങ-
ളാഴത്തിൽക്കോർക്കും ശിരസ്സുനിർത്തി തീരാപ്പകയും തിളയ്ക്കുമീ സ്നേഹവും
തീയിട്ടേരിച്ച മനസ്സുയർത്തി
ആരോടും ചെരുവാനാകാതെ,വൈദ്യുത-
വീചിപോലാപത്തായ് മാറും കാലം,
ജീവിതാനന്ദങ്ങൾ കാട്ടുതേനൂട്ടിയും
കാട്ടുകാണിച്ചും രസിപ്പിച്ചാലും
പോരെന്നു രക്തവും മാംസവും മജ്ജയും
നോവെടുത്തൂച്ചത്തിലാർക്കും കാലം,
ഓണവും പൂവും മറന്ന മലയാള-
നാടിങ്ങു ഖിന്ന ഞാൻ നോക്കിനിൽപ്പൂ.
ഇത്തിരിമണ്ണില്ലാതെത്രപേർ; കൂട്ടപോൽ
കൊച്ചുവീടെത്ര; പൂവെങ്ങു പിന്നെ!
ഫ്ളാറ്റിലെ ബാൽക്കണിത്തുഞ്ചത്തു കർക്കട-
ക്കാറ്റും മഴയും കൊടി ചുരുക്കി
താഴത്തെയിത്തിരി മണ്ണിൽ വിനീതയാം
പാവത്തെ, തുമ്പയെക്കണ്ടുനിൽക്കെ
വേദനിപ്പിക്കാത്തൊരമ്മതൻ നിശ്ശബ്ദ-
വേപഥുവാർന്ന മുഖം സ്മരിപ്പൂ
എന്തിനു പൂക്കളം? എന്തിലും മീതെയാ-

ണമ്മുഖം സ്നേഹമായുജ്ജ്വലിക്കെ.
ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും.
മാലറ്റുപോകും, വരുംവർഷമക്ഷയ-
ശ്രീയാം വലത്തുകാൽ വച്ചുകേറും
(വിജയലക്ഷ്മിയുടെ കവിതകൾ)
-വിജയലക്ഷ്മി
പകർത്തെഴുത്ത്:ഗോപിക റ്റി.എസ്. 9B

# വേണമെങ്കിൽ ചക്ക വേരിലും.....



ചക്കയെ നമ്മുടെ

സംസ്ഥാന ഫലമായി പ്രഖ്യാപിച്ചത്

അറിഞ്ഞില്ലേ?.

നമുക്കുചുറ്റും എത്രതരം പ്ലാവുണ്ട്?

പ്ലാവുകളുടെ എണ്ണം വളരെ കുറഞ്ഞു .

എങ്കിലും ചക്കയെ നമ്മുടെ സംസ്ഥാനഫലമാക്കിയതിന് കാരണം അത് മലയാളിയുടെ പ്രിയ വിഭവമായതുകൊണ്ടാണ്.പണ്ട് ഒരു വീട്ടിൽ ഒരു വീട്ടിൽ ഒരു പ്ലാവ് നിർബന്ധമായിരുന്നു. ഒന്നിലധികം പ്ലാവുകൾ എല്ലാ വീട്ടിലും തന്നെയുണ്ടായിരുന്നു.

ചക്ക മലയാളികൾക്ക് കേവലം ഒരു ഫലം മാത്രമല്ല മറിച്ച് ഒരു കുടുംബാഗം കൂടിയാണ്.

## അതുകൊണ്ട് നമുക്ക് ഉല്പാദിപ്പിക്കാം

## നമ്മുടെ ഭക്ഷണം.....

രചന:ആൽബിൻ തോമസ്
ഇമെയിൽ:albinthomasias@gmail.com
G.H.S.S.തിരുനല്ലൂർ
9 B



# കടംകവിതകൾ....

1.കാറ്റുകൊണ്ടേറ്റ -
മൂറ്റമാർന്നിട്ടും
കാറ്റേറ്റു വാനില -
ങ്ങേറ്റമുയർന്നിട്ടും
കാറ്റങ്ങേറ്റമായാലെൻെറ
കാറ്റുപോം നിശ്ചയം..

ഉത്തരം:ബലൂൺ

2.കാതിൽ വന്നൊരു പാട്ടുണ്ട്
പാട്ടുകഴിഞ്ഞൊരു ഊണുണ്ട്
കുത്തിവലിച്ചുള്ളൂണ് കഴിഞ്ഞാൽ
പാട്ടും പാടി പാട്ടിനുപോകും

ഉത്തരം:കൊതുക്

3.വെള്ളം കുടിക്കുന്ന
പള്ളക്കു വാലുള്ള
പിള്ളക്കുപേരെ
ചൊല്ലാമോ.....

ഉത്തരം:കിണ്ടി

4.നാവുള്ള പല്ലുള്ള നങ്ങലി മുത്തശ്ശി
നാമം ജപിക്കാതെ മൂലക്കിരിപ്പായി
മൂലക്കിര്ക്കുന്ന മുത്തശ്ശിയമ്മക്ക്
വേലക്കുവന്നാൽ
മുറുമുറുപ്പ്....

ഉത്തരം:ചിരവ

5.തുളുതുളു ൻ
കുളത്തിൽചാടി
പെടപെടപ്പൻ
കുളിച്ചുവന്നു
തുളതുളപ്പൻ
പിടിച്ചുകേറ്റി

ഉത്തരം:പപ്പടം കാച്ചുക

6.കയറുകൾ കൊണ്ടുവരിഞ്ഞുമുറുക്കിയൊ -
രുടലാണുടുതുണിയില്ലല്ലോ
മുട്ടതലയാണൊട്ടും മുടിയില്ലൊറ്റത്തടിയാണയ്യയ്യാ
തോളത്തേറ്റിക്കൊണ്ടുനടക്കാനാളുണ്ടുത്സവനാളുകളിൾ
എന്നെക്കണ്ടാൽ ആളുകൾ കൂട്ടം
പിന്നെ തല്ലിൻപൊടിപൂരം................

ഉത്തരം:ചെണ്ട

# നീ താൻ ചങ്ങാതി......

വെട്ടം വീണാൽ നീ എത്തുന്നു
പെട്ടന്നെന്നുടെ ചാരത്ത്
വെട്ടം പോയാൽ നീ പിന്നെങ്ങോ
ചട്ടെന്നോടിയൊളിക്കുന്നു (2)

ചിലനേരം നീ മുന്നിൽ നടക്കും
അതുമല്ല ൽ പിന്നിലൊളിക്കും
നട്ടുച്ചക്കെൻ കാലിൻ ചോട്ടിൽ
മുട്ടിക്കൂടി നടക്കും നീ (2)

എന്നുടെ വികൃതികളുണ്ടവിട തെറ്റാ-
തെല്ലാം നീയും ചെയ്തീടുന്നു
എ ല്ലമേതിലും എവിടയുമെന്നെ
പിൻതുടരുന്നവനല്ലോ നീ (2)

എന്നോടൊത്തു കളിച്ചുചിരിച്ചും
ഞാൻ കരയു മ്പോൾക്കൂടെക്കരയും
അഴലിലുമെന്നെ കൈവെടിയാത്തൊരു

നിഴലേ നീ താൻ ചങ്ങാതി!

# എട്ടുകാലി.....

എട്ടു കാലുള്ളവനെന്നു ഭാവിച്ചു നീ
ഒട്ടും ഞെളിയേണ്ടെന്റെട്ടുകാലീ
എട്ടുകാലീന്നൊന്ന് വിട്ടുപോയാൽ
നിന്ന ചട്ടുകാലീന്നേ
വിളിക്കൂ ലോകം.......

# മാറിയ കേരളം മാറുന്നു...



2018 ആഗസ്റ്റ്15 മലയാളികൾ ഒരിക്കലും മറക്കാത്ത ഒരു ദിവസമായിരുന്നു അന്നുവരെ പറഞ്ഞു കേട്ടിരുന്ന "99 ലെ വെള്ളപ്പൊക്കം കൺമുന്നിൽ കണ്ടപ്പോൾ ഉള്ളവനെന്നോ ഇല്ലാത്തവനെന്നോ വകഭേദമില്ലാതെ എല്ലാവരും ഓടിയത് ഒരിടത്തേക്കാണ്,ദുരിതാശ്വാസക്യാമ്പുകളിലേക്ക്. പ്രകൃതിയും മഴയും ഒരു പോലെ കലിപൂണ്ടപ്പോൾ കേരളം പകച്ചുപോയി എന്നാൽ പകച്ചുനിന്നിട്ട് കാര്യമില്ലെന്ന് മനസിലായപ്പോൾ കേരളം ലോകത്തിന് കാണിച്ചുകൊടുത്തതാണ് അതിജീവനത്തിന്റെ കേരളമോഡൽ.

മൂന്നരവർഷങ്ങൾക്ക് മുൻപ് ചെന്നൈയിൽ പ്രളയം ഉണ്ടായപ്പോൾ കേരളം ഓർക്കേണ്ടയിരുന്നു മൂന്നര വർഷങ്ങൾക്ക് ഇപ്പുറം ഒരു പ്രളയം കേരളത്തെയും കീഴടക്കുമെന്ന്.അന്ന് തമിഴ് ജനതയ്ക്ക് മനസിലായ ഒരൊറ്റകാര്യം മതിയായിരുന്നുകേരളത്തെ പ്രളയത്തിൽ നിന്ന് രക്ഷിക്കാൻ ആ ഒരു കാര്യം ഇതായിരുന്നു,വെള്ളത്തെ ഭ്രമിയിൽ താഴാൻ അനുവദിക്കുക.അതെ ! അതുതന്നെയാണ് സത്യം.

എല്ലാവരും മുറ്റം ടൈൽ ചെയ്തു എങ്കിൽ ഞാനും ടൈൽ ചെയ്യണം എന്നുകരുതി എല്ലാവരും മൽസരിച്ചു,അങ്ങനെ വീടായ വീടെല്ലാം മണൽ മുറ്റങ്ങൾക്ക് പകരം ടൈൽ മുറ്റങ്ങളാൽ സമ്പന്നമായി.എന്നാൽ ജലം താഴേക്ക് പോയില്ലങ്കിൽ മുകളിലേക്ക് ഉയരുമെന്ന് സമ്പൂർണ്ണ സാക്ഷായ നമ്മളാരും ഓർത്തില്ല .ഒന്നാം നില കഴിഞ്ഞ് രണ്ടാം നിലയിലും മൂന്നാം നിലയിലും വെള്ളം കയറിയപ്പോൾ അത് വയൽ നികത്തി ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ചതിന്റെ പരിണാമമാണെന്ന് നമുക്ക് മനസ്സിലായില്ല.ഈ പ്രളയം കേരളത്തിനു ഒരു സമ്മാനം തന്നു ,അതാണ് പ്രളയം തന്ന ഏക ഉപകാരം "ഐക്യം”.സഹോദരൻമാർ പോലും മനസ്സിലും

മുറ്റത്തും മനസ്സിലും മതിലുകൾ തീർത്ത് ജീവിച്ചരുന്നു.എന്നാൽ ഈ പ്രളയ സമയത്ത് അവർ ഒരു കുടക്കീഴിലായിരുന്നു.പ്രളയം തകർത്തത് കോൺക്രീറ്റ് മതിലുകൾ മാത്രമല്ല മനസ്സിലെ മതിലുകൾ കൂടിയാണ്.1956 നു ശേഷം കേരളം വീണ്ടും രൂപം കൊണ്ടത് അവിടെയാണ്.


പ്രളയം ബാക്കിവച്ച ഒരു ചോദ്യമുണ്ട്,ഇനിയൊരു പ്രളയം വന്നാൽ?ആ ചോദ്യത്തിനു ഇപ്പോഴും ഉത്തരം കിട്ടിയിട്ടില്ല.പഴയ സ്ഥിതിയിലേക്ക് മാറാനാണ് മലയാളി ആഗ്രഹിക്കുന്നതെങ്കിൽ ഇനി ഈ ചോദ്യത്തിനു പ്രസക്തിയില്ല,കാരണം ഓണങ്ങൾ നമ്മുടെ വീടുകളിൽ ആഘോഷിക്കാൻ നമുക്ക് സാധിക്കില്ല.നവകേരള നിർമാണത്തിനായി നാമോരുത്തരും കൊടുക്കുന്ന സംഭാവന വെറുതെയാകരുത്.പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല എന്ന മട്ടിലാണ് മലയാളിയെങ്കിൽ പതിവ് ഓണപ്പാട്ടിന് പകരം സമൂഹമാധ്യമങ്ങളിൽ തരംഗമായ ഈ പാട്ട് എല്ലാ ഓണത്തിനും നമുക്ക് പാടാം,

“മാവേലിത്തമ്പുരാൻ കേരളത്തിൽ
അംബ്രല്ലാത്തോണിയിൽ തിത്തക-
ത്തെയ്യ്,മാനവരൊന്നും വീട്ടിലില്ലേ
മനുഷ്യരെല്ലാരും ക്യാമ്പിലാണേ....”

രചന:ആൽബിൻ തോമസ്
ഇമെയിൽ:albinthomasias@gmail.com
G.H.S.S.തിരുനല്ലൂർ
9 B



# കടങ്കഥകൾ




1.അകം എല്ലും തോലും പുറം പൊന്തം പൊന്തം
-വൈക്കോൽത്തുറു

2.അത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി
-മുഖം

3.അകന്ന നിന്ന നോക്കി കാണും

4.ആകാശത്തെത്തുന്ന തോട്ടി -കണ്ണ്

5.ആനക്കൊമ്പിൽ നെടിയരി -തെങ്ങിൻപൂക്കുല

6.ഇത്തിരിക്കുഞ്ഞൻ നെല്ലിന്ന പോയി -പണം

7.ഇല പായ പോലെ ,തടി തൂണ പോലെ -വാഴ

8.ഈച്ച തൊടാത്തൊരിറച്ചിക്കഷ്ണം -തീക്കട്ട

9.ഉച്ചിക്കുടമ്മൻ ചന്തയ്ക്കുപോയി -കൈതച്ചക്ക

10.ഉറക്കമുണ്ട് കണ്ണടക്കില്ല -മൽസ്യം

11.ഊതിയാലും, മഴയത്തും അണയാത്ത
എണ്ണ കൂടാതെ കത്തുന്ന പൊൻവിളക്ക് -ബൾബ്

12.എങ്ങും തിങ്ങിനടക്കും,
ആർക്കും പിടികൊടുക്കില്ല -കാറ്റ്

13.എനിക്ക് അമ്മ തന്ന ചേല
നനച്ചിട്ടും നനച്ചിട്ടും നനയുന്നില്ല -ചേമ്പില

14.ഒരമ്മയുടെ മക്കളെല്ലാം തൊപ്പിക്കാര് -അടയ്ക്ക

15.ഒരു കുട്ടയിൽ രണ്ടു വരി മുല്ലമാല -പല്ല്

16.ഓടിയോടി നടക്കും തീപ്പന്തം -മിന്നാമിനുങ്ങ്

17.ഓടാത്തമ്മയ്ക്ക് ഓട്ടും കുട്ടി -അമ്മിക്കുട്ടി

18.കട കത്തിച്ച് ,തല കുത്തിച്ച് -നെല്ല്

19.കണ്ടാൽ തീവണ്ടി തൊട്ടാൽ ചക്രം -തേരട്ട

20.ചുവന്നത് തിന്ന് കറുത്തത് തുപ്പി -തണ്ണിമത്തൻ

| | |
|---|---|
| 21.ചെപ്പു നിറയെ പച്ചയിറച്ചി | -കക്ക |
| 22.തലയില്ല കോഴി മലകേറി കൂകി | - തോക്ക് |
| 23.താഴെ കുത്തിയാൽ തലയ്ക്കെഴുത്ത് | - ടൈപ്പ് റൈറ്റർ |
| 24.പാൽക്കടലിൽ ഞാവൽപ്പഴം | -കണ്ണ് |
| 25.പിരിയാത്ത കയർ | - പാമ്പ് |
| 26.രണ്ടെണ്ണ ഒരു കുപ്പിയിൽ | -മുട്ട |
| 27.രണ്ടുപേർക്ക് ഒരു പല്ല് | -ചവണ |
| 28.വട്ടത്തിൽ ചവിട്ടിയാൽ നീളത്തിലോട്ടം കുതിര | -സൈക്കിൾ |
| 29.ശാരി വള്ളി ശകുന്തള വള്ളി<br>വെള്ളത്തിലിട്ടാൽ ചീയാത്ത വള്ളി | -തലമുടി |
| 30.സൂചി പോലെയില വന്നു,<br>പായപോലെയില വിരിഞ്ഞു | വാഴ |

കടപ്പാട് : ശ്രീ . ജോബി ജോസ്

രചന:മിഥുൻ T.R.



# ക്വിസ്

1.'GANDHI' സിനിമയിൽ ഗാന്ധിജിയുടെ ഭാഗം അഭിനയിച്ച നടൻ ആരായിരുന്നു?
ബെൻ കിംങ്സ്ലേ

2.ഖനികളുടെ നഗരം?
ധൻബാദ്

3.ഇന്ത്യയിലെ ആദ്യ സ്വകാര്യ തുറമുഖം?
പിപവാവ്

4.ഇന്ത്യ ഗവൺമെൻറ് 500 ൻെറയും 1000 ത്തിൻെയും നോട്ടുകൾ പിൻലിച്ച വർഷം?
നവംബർ 8 2016

5.ഇന്ത്യയുടെ രാഷ്ട്രതലവൻ?
രാഷ്ട്രപതി

6.ലോകസഭയുടെ രണ്ടാമത്തെ സ്പീക്കർ?
അനന്തശൈയ്യനം അയ്യ ർ

7.ലോകത്തിൽ ആദ്യമായി നികുതി ഏർപ്പെടുത്തിയ രാജ്യം?
ഈജിപ്റ്റ്

8.ഇന്ത്യയ്ക്ക് ഒരു ഭരണഘടന വേണമെന്ന് ആശയം ആദ്യമായിട്ട് മുന്നോട്ട് വെച്ചത്?
എം.എൻ.റോയ്

9.ഗാന്ധിജി പ  ടുത്ത ഏക വട്ടമേശ സമ്മേളനം?
രണ്ടാം വട്ടമേശ സമ്മേളനം

10.ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപം കൊണ്ട വർഷം?
1885 ഡിസംബർ 28

11.ലോകത്തിലെ ആദ്യത്തെ വനിതാ പ്രസിഡൻറ്?
ഇസബെൽ മാർട്ടിനസ് ഡി പെറോൺ

12.ദേശീയ മുദ്രാവാക്യം?
സത്യമേവ ജയതേ

13.സ്നേഹിക്കയില്ല  ൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു
തത്ത്വശാസ്ത്രത്തെയും ആരുടെ വാക്കുകൾ?
വയലാർ രാമവർമ്മ

14.യാചകരുടെ രാജകുമാരൻ?
വധൻ മോഹൻ മാളവ്യ

15.ഭരണഘടന നിർമ്മാണ സമിതിയുടെ താൽക്കാലിക അദ്ധ്യക്ഷൻ?
സച്ചിതാനന്ദ സിംഹ

16.2022-ൽ ഫിഫ വേൾഡ് കപ്പ് നടക്കുന്നത് എവിടെ?
ഖത്തർ

17.സ്വതന്ത്ര്യ സോഫ്റ്റ് വെയറിൻെറ പിതാവ് ?
റിച്ചാർഡ് സ്റ്റാൾമാൻ

18.ഇന്ത്യയിൽ ഇൻററർനെറ്റ് നിലവിൽ വന്ന വർഷം?

1995 ആഗസ്റ്റ് 15

19.ഇന്ത്യയുടെ രാഷ്ട്രപതിയാകുന്ന 14-മത്തെ വ്യക്തി?
രാം നാഥ് ഗോവിന്ദ്

20.ജനകീയ വൈസ്രോയി എന്നറിയപ്പെടുന്നത് ?
റിപ്പൺ പ്രഭു

21.മധ്യപ്രദേശിലെ അമർഖണ്ഡ് കുന്നുകളിൽ നിന്നുൽഭവിക്കുന്ന നദി?
നർമ്മദ

22.ഇതിഹാസങ്ങളുടെ നാട് ?
ഗുജറാത്ത്

23.ഇന്ത്യയുടെ പൂന്തോട്ട നഗരം?
ബംഗ്ളൂരു

24.അലഹബാദിന്റെ പഴയ പേര് ?
പ്രയാഗ്

25.ജനസംഖ്യ ഏറ്റവും കൂടിയ സംസ്ഥാനം?
ഉത്തർപ്രദേശ്

26.കിഴക്കൻ തീരത്തെ ഗോവ?
വിശാഖപട്ടണം

27.'വിഹാരികളുടെ നാട്' എന്നറിയപ്പെടുന്ന സംസ്ഥാനം?
ബീഹാർ

28.ആദ്യ സന്തോഷ് ട്രോഫി മത്സര വേദി?
കൊൽക്കത്ത

29.ചന്ദ്രനിലേക്കുള്ള 68-മത്തെ ദൗത്യം?
ചന്ദ്രയാൻ

30.ഇന്ത്യയുടെ നെല്ലറ?
ആന്ധ്രാപ്രദേശ്

31.കർഷകരുടെ രോഗം എന്നറിയപ്പെടുന്നത് ?
എലിപ്പനി

32.മിന്നലിലൂടെ സസ്യങ്ങൾക്ക് ലഭ്യമാകുന്ന പോഷണം?
നൈട്രജൻ

33.ധവളവിപ്ലവത്തിന്റെ പിതാവ്?

വർഗ്ഗീസ് കുര്യൻ

34.ഇന്ത്യയിൽ ഹരിതവിപ്ലവസമയത്തെ പ്രധാനമന്ത്രി ?
ഇന്ദിരാഗാന്ധി

35.മനുഷ്യൻ ആദ്യമായി ഉപയോഗിച്ചു തുടങ്ങിയ സുഗന്ധവസ്തു?
കറുകപ്പട്ട

36.പറുദീസയിലെ വിത്ത് എന്നറിയപ്പെടുന്നത്?
ഏലം

37.പ്രകൃതിയുടെ ടോണിക് എന്നറിയപ്പെടുന്നത് ?
വാഴപ്പഴം

38.ധാന്യവിളകളുടെ രാജ്ഞി ?
ചോളം

39.ഹരിത വിപ്ലവം ആരംഭിച്ചത് ?
മെക്സിക്കോയിൽ

40.സിന്ധു നദീതട നിവാസികൾക്ക് പരിചയമില്ലാത്ത ലോഹം?
ഇരു

41.നബാർഡ് സ്ഥാപിച്ച വർഷം?
1982 ജൂലൈ 12

42.ഏറ്റവും കൂടുതൽ വിദേശശാഖകൾ ഉള്ള ഇന്ത്യൻ ബാങ്ക്
സേറ്റ് ബാ ഓഫ് ഇന്ത്യ

43.നാണയങ്ങളെപറ്റിയുള്ള പഠനം?
ന്യൂമിസ്മാറ്റിക്സ്

44.ലോകത്തിലാദ്യമായി നികുതി ഏർപ്പെടുത്തിയ രാജ്യം?
ഈജിപ്റ്റ്

45.ലോകത്തിലാദ്യമായി കാർബൺ നികുതി ഏർപ്പെടുത്തിയ രാജ്യം?
ന്യൂസ് ലാൻറ്

46.ലോകത്തിലാദ്യമായി കൊഴുപ്പ് നികുതി ഏർപ്പെടുത്തിയ രാജ്യം?
ഡെൻമാർക്ക്

47.ലോകത്തിലാദ്യമായി ഉപ്പ് നികുതി ഏർപ്പെടുത്തിയ രാജ്യം?
ചൈന

48.ഏഷ്യയിൽ ആദ്യമായി മൂല്യവർദ്ധിത നികുതി ഏർപ്പെടുത്തിയ രാജ്യം?
ദക്ഷിണ കൊറിയ

49.LIC നിലവിൽ വന്നത് ?
1956 സെപ്റ്റംബർ 1

50.സഹകരണ പ്രസ്ഥാനത്തിന്റെ പിതാവ് ?
റോബർട്ട് ഓവൻ

51.2000 രൂപ നോട്ടിൽ ഒപ്പുവച്ച ആദ്യ ആർ.ബി.ഐ ഗവർണർ?
ഊർജിത് പട്ടേൽ

52.സൗരകേന്ദ്ര സിദ്ധാന്തത്തിന്റെ പിതാവ് ?
കോപ്പർ നിക്കസ്

53.മാതൃഭൂഖണ്ഡം എന്നറിയപ്പെടുന്നത് ?
പാൻജിയ

54.ദക്ഷിണായന രേഖ രണ്ടുതവണ മുറിച്ചു കടക്കുന്ന ഏക നദി?
ലിംപോപോ

55.ഏറ്റവും കൂടുതൽ ജലം വഹിക്കുന്ന ഇന്ത്യൻ നദി?
ബ്രഹ്മപുത്ര

56.ഏറ്റവും നീളമുള്ള ഉപദ്വീപിയൻ നദി?
ഗോദാവരി

57.വൃദ്ധഗംഗ എന്നറിയപ്പെടുന്നത് ?
ഗോദാവരി

58.ദക്ഷിണ ഗംഗ എന്നറിയപ്പെടുന്നത് ?
കാവേരി

59.ഇന്ത്യയിൽ മരുഭൂമിയിലൂടെ ഒഴുകുന്ന നദി?
ലൂണി

60.റഷ്യയുടെ ദേശീയ നദി?
വോൾഗ

Written by:Sandra S.
G.H.S.S. Thirunallooor
9 A

# ഓടണതെ മാവേലി?

ഓണം വന്നപടിക്കലു നിക്കണ
ഓടുന്നുണ്ടേ നങ്ങേലി
നങ്ങേലിക്കിന്നങ്ങേരുണ്ടേ-
ഓണം തന്നെ തിരുവോണം!

കാണം വിറ്റിട്ടാണെ
നാണുവിനോണാഘോഷം
പൊടിപൂരം!
വാണംപോലെ കുതിക്കണ കണ്ടോ
നാണിക്കുട്ടീം പിള്ളേരും?

അ വിട്ടു പരക്കം പായണു
ച യിലെ രു മേളാ !
കുട്ട നിറക്കണു വട്ടി നിറക്കണു
പെട്ടന്നെത്തി തിരുവോണം!
കൂട്ടം കൂടി കുട്ടികൾ പലതും

കാട്ടിക്കൂട്ടണ തിത്തിത്തൈ!
പലകളി പുലികളി കൈകൊട്ടിക്കളി
കടുവ കളിക്കണ തികൃതത്തൈ

ഓടിച്ചാടി നടക്കുന്നയ്യട
ഓണക്കുറിലൊരപ്പൂപ്പൻ
കൂനും നീർത്തു നിവർന്നു നടക്കണ
കൂന കൈയിലൊരമ്മൂമ്മ!

ഓണം വന്നു പടിക്കലു നിക്കണ
ഓടുന്നുണ്ടേ എല്ലാരും
ഓണക്കാലത്താളുകളിങ്ങനെ
ഓടണതെ മാവേലി?



# ജീവചരിത്രക്കുറിപ്പ്

## ചെറുശ്ശേരി

ക്രി.വി. പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി.കോലത്തുനാടുഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കിരചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.

## സി.വി. ശ്രീരാമൻ



(1933-2007)

തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു.കഥാകൃത്ത്,രാഷ്ട്രീയ പ്രവർത്തകൻ, അഭിഭാഷകൻ.കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ,കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റായിരുന്നിട്ടുണ്ട്.വാസ്തുഹാര,ക്ഷരസ്യധാര, ഓർമ്മചെപ്പ്,തീർഥക്കാവടി,തുടങ്ങിയവയാണ് പ്രധാന കൃതികൾ.കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

രചന:വൈഷ്ണവ് P.V.
GHSS THIRUNALLOOR
9 C

# കഥകളി



കേരളത്തിലെ പ്രാചീനകലകളായ ചാക്യാർകൂത്ത്,കൂടിയാട്ടം, കൃഷ്ണനാട്ടം,അഷ്ടപദിയാട്ടം,ദാസിയാട്ടം,യാത്രകളി,തെരുക്കൂത്ത് തുടങ്ങിയ കലകൾ,ആയോധനകലയായ കളരിപ്പയറ്റ് എന്നിവ കഥകളിയുടെ രൂപനിർമിതിക്കും ഭാവാവിഷ്കരണത്തിനും മാർഗദർശകങ്ങളായിട്ടുണ്ട്.അതുപോലെ അക്കാലത്തു പ്രചാരത്തിലിരുന്ന തെയ്യം,തിറ,പടയണി,മുടിയേറ്റ്, കോലംതുള്ളൽ,തീയാട്ട്,കളമെഴുത്ത് തുടങ്ങിയ കലകളും കഥകളിയുടെ രൂപീകരണത്തിനു സഹായിച്ചിട്ടുണ്ട്.കഥകളിയുടെ രൂപശിൽപ്പം തികച്ചും കേരളീയമാണ്,

കളമെഴുത്തും പാട്ടും എന്ന അനുഷ്ഠാനപരമായ ചടങ്ങിനോടു വളരെ ബന്ധപ്പെട്ട ഒരു ഗ്രാമീണ കലാരൂപമാണ് തീയാട്ട്. അതിലെ ഉടുത്തുകെട്ട്,കുപ്പായം,ഉത്തരീയം,കിരീടം, മുദ്രക്കൈകൾ ഉപയോഗിച്ചുള്ള ആംഗികാഭിനയം എന്നിവയുടെ എല്ലാം സ്വാധീനം കഥകളിയിൽ കാണാം.

ഇവ കൂടാതെ വിവിധ വാദ്യകലകൾ,ചിത്രകലകൾ,ശിൽപ്പ കലകൾ എന്നിവയോടും കഥകളി ബന്ധപ്പെട്ടിരിക്കുന്നു. പ്രാചീന കാലത്ത് കേരളത്തിൽ നടപ്പിലുണ്ടായിരുന്ന പലനടന

പ്രസ്ഥാനങ്ങളുടെയും അനുഷ്ഠാനനൃത്തങ്ങളുടെയും മറ്റു ദൃശ്യ കലകളുടെയും സമീപനമായ സമ്മേളനത്തിൽ നിന്നു ജന്മംകൊണ്ട വിശിഷ്ട കലാരൂപമാണ് കഥകളി എന്നു പറയാം.

അർച്ചന തങ്കച്ചൻ
9 C
ജി.എച്ച്.എസ്.എസ്.തിരുനല്ലൂർ



# കടംകവിതകൾ....

1.കാറ്റുകൊണ്ടേറ്റ -
മുറ്റമാർന്നിടും
കാറ്റേറ്റ വാനില -
ങ്ങേറ്റമുയർന്നിടും
കാറ്റങ്ങേറ്റമായാലെന്റെ
കാറ്റുപോം നിശ്ചയം..

ഉത്തരം:ബലൂൺ

2.കാതിൽ വന്നൊരു പാട്ടുണ്ട്
പാട്ടുകഴിഞ്ഞൊരു ഊണുണ്ട്
കുത്തിവലിച്ചുള്ളൂണ് കഴിഞ്ഞാൽ
പാട്ടും പാടി പാട്ടിനുപോകും

ഉത്തരം:കൊതുക്

3.വെള്ളം കുടിക്കുന്ന
പള്ളക്കു വാലുള്ള
പിള്ളക്കുപേരെന്ത്
ചൊല്ലാമോ.....

ഉത്തരം:കിണ്ടി

4.നാവുള്ള പല്ലുള്ള നങ്ങേലി മുത്തശ്ശി
നാമം ജപിക്കാതെ മൂലക്കിരിപ്പായി
മൂലക്കിരിക്കുന്ന മുത്തശ്ശിയമ്മക്ക്
വേലക്കുവന്നാൽ
മുറുമുറുപ്പ്....

ഉത്തരം:ചിരവ

5.തുളുതുളുമ്പൻ
കുളത്തിൽചാടി
പെടപെടപ്പൻ
കുളിച്ചുവന്നു
തുളതുളപ്പൻ
പിടിച്ചുകേറ്റി

ഉത്തരം:പപ്പടം കാച്ചുക

6.കയറുകൾ കൊണ്ടുവരിഞ്ഞുമുറുക്കിയൊ -
രുടലാണുടുതുണിയില്ലല്ലോ
മുട്ടതലയാണൊട്ടും മുടിയില്ലൊറ്റത്തടിയാണയ്യയ്യ
തോളത്തേറിക്കൊണ്ടുനടക്കാനാളുണ്ടുത്സവനാളുകളിൾ
എന്നെക്കണ്ടാൽ ആളുകൾ കൂട്ടം
പിന്നെ തല്ലിൻപൊടിപൂരം................

ഉത്തരം:ചെണ്ട

# അയൽക്കാരൻ.....

ഒരിടത്ത് ഒരിടത്ത് ഒരു നാട്ടിൽ ഒരു വലിയ പണക്കാരനുണ്ടായിരുന്നു.അയാൾക്ക് പാവപ്പെട്ടവരോടും ദാരിദ്രത്തോടും പുച്ഛമായിരുന്നു.അയാൾ അയാളുടെ സ്വന്തം കാര്യം മാത്രമേ നോക്കിയിരുന്നുള്ളു.

ഒരു ദിവസം അയാളുടെ വീട്ടിലും ചുറ്റുമുള്ള പ്രദേശങ്ങളിലും കനത്ത മഴ പെയ്തു. അയാളുടെ വീട് താഴ്ന്ന പ്രദേശത്തായതിനാൽ വെള്ളം വേഗം കയറി.അയാൾ തന്റെ സ്വത്തും സമ്പാദ്യവും എല്ലാം വിട്ടെറിഞ്ഞ് ദുരിതാശ്വാസ ക്യാമ്പിലേക്ക് പാഞ്ഞു.

അവിടെ ഉള്ള ഒരു വിദ്യാലയം ഒരു മലയുടെ മുകളിലായിരുന്നു.ആ നാട്ടുകാർ മുഴുവൻ ആ വിദ്യാലയത്തിൽ അഭയം പ്രാപിച്ച കൂട്ടത്തിൽ ധനികനും അഭയം പ്രാപിച്ചു.അയാൾക്ക് ആദ്യ ദിവസങ്ങളിൽ അവിടെ വെറുപ്പായിരുന്നു.പിന്നീട് അയാൾ മനസ്സിലാക്കിയത് അത് അയാൾക്ക് സ്വർഗ്ഗമാണെന്ന്.

അയാൾ ചുറ്റുമുള്ള വ്യക്തികളെ പരിചയപ്പെടാൻ തുടങ്ങി. അതിൽ ഒരാളെ പരിചയപ്പെട്ടപ്പോൾ ധനികന് സങ്കടം തോന്നി.

ധനികൻ ചോദിച്ചു "തൻെറ വീട് എവിടെയാ?" " ദാ ആ കാണുന്ന ബംഗ്ലാവിൻെറ തൊട്ടടുത്തുള്ള ചെറിയകുടിൽ"

ധനികൻ വിഷമിച്ചു, ആ കാണുന്ന ബംഗ്ലാവ് ധനികൻെറതായിരുന്നു.പിന്നെ അയാൾ നന്നായി പാവപ്പെട്ടവരെ സഹായിച്ചു.പിന്നീട് അയാൾ സന്തോഷത്തോടെ ജീവിച്ചു.

***ഇതാണ് ഒരു പ്രളയം പഠിപ്പിച്ച പാഠം.***

***സമ്പാദക : സാന്ദ്ര എസ്,***
***അബിത ബിജു***
***9A***

# നീ താൻ ചങ്ങാതി.....

വെട്ടം വീണാൽ നീ എത്തുന്നു
പെട്ടന്നെന്നുടെ ചാരത്ത്
വെട്ടം പോയാൽ നീ പിന്നെങ്ങോ
ചട്ടെന്നോടിയൊളിക്കുന്നു (2)

ചിലനേരം നീ മുന്നിൽ നടക്കും
അതുമല്ലങ്കിൽ പിന്നിലൊളിക്കും
നട്ടുച്ചക്കെൻ കാലിൻ ചോട്ടിൽ
മുട്ടിക്കൂടി നടക്കും നീ (2)

എന്നുടെ വികൃതികളണുവിട തെറ്റാ-
തെല്ലാം നീയും ചെയ്തീടുന്നു
എന്തിലുമേതിലും എവിടയുമെന്നെ
പിൻതുടരുന്നവനല്ലോ നീ (2)

എന്നോടൊത്തു കളിച്ചുചിരിച്ചും
ഞാൻ കരയുമ്പോൾക്കൂടെക്കരയും
അഴലിലുമെന്നെ കൈവെടിയാത്തൊരു

നിഴലേ നീ താൻ ചങ്ങാതി! (2)

## എട്ടുകാലി.....

എട്ടു കാലുള്ളവനെന്നു ഭാവിച്ച നീ
ഒട്ടും ഞെളിയേണ്ടെൻറട്ടുകാലീ
എട്ടുകാലീന്നൊന്ന് വിട്ടുപോയാൽ
നിന്നെ ചട്ടുകാലീന്നേ

*വിളിക്കു ലോകം......*

# വിദ്യ

ഏറുന്നവന് ഏറിയൊരു
ഏറി വിളക്കാണ് വിദ്യ
അറിവിൻ മറുകടം കാട്ടി
തരുന്നൊരെൻ അറിവിൻ അറിവായ വിദ്യ
ഇല്ലില്ല ഇല്ലില്ല വിദ്യ,
കഷ്ടപ്പെട്ടിഷ്ട്ടപ്പെടാതെ കിട്ടുകയിൽ
ഒരിക്കലും വിദ്യ
ഗുരുത്തം ഇല്ലാതെ കിട്ടുകിൽ
ഒരിക്കലും വിദ്യ

നാം അറിയേണ്ടതറിയാതെ
ലഭ്യമല്ല ലഭ്യമല്ല വിദ്യ

-നന്ദന രണദേവൻ

പകർത്തെഴുത്ത്:പ്രിവ്യ ഷാജി

***ജി.എച്ച്.എച്ച്.എസ്.തിരുനല്ലൂർ***

# മഴ നനയരുതേ പൂമ്പാറ്റേ



അഴകിൻ ചിറകുകൾ വീശിവരും
നീ വനദേവതയോ പൂമ്പാറ്റേ!
അഴകിലൊരിത്തിരി കുളിരായെന്നുടെ
അരികിലണഞ്ഞൊരു പൂമ്പാറ്റേ!
കരളിൽ കുളിരുനിറക്കാൻ നീയിന്നെ -
വിടുന്നെത്തി പൂമ്പാറ്റേ !
മഴവിൽക്കൊടിയുടെ നാട്ടിൽ നിന്നോ
മധു നുകരാനായ് വന്നോ നീ ?
മഴവരുമിപ്പോൾ മാനമിരുണ്ടു
കുട നിനക്കുണ്ടോ പൂമ്പാറ്റേ !
അഴകെഴും നിന്റെ ദേഹം കുതിരും

# ഈണം

നിദ്രവിട്ടുണർന്ന കുഞ്ഞുപൂവിൻ ചൊടിയിൽ
തെന്നലിൻ നറുചുംബനം പുളകമായ് വിടർന്നു
പൂവിൻ മൃദു മന്ത്രണം കാറ്റിൽ ഒരു ഗാനമായ്
അലയടിച്ചുയർന്നു...അലയടിച്ചുയർന്നു...
മലരിൻ കൊഞ്ചൽ കാറ്റിൻ നെഞ്ചിലൊരീണ-
മായ് പടർന്നു.
ആ ഈണത്തിൻ,താളത്തിൽ പ്രകൃതിയാകെ
മയങ്ങി.
മലരേ നിന്നിലെ അഭൗമ സുഗന്ധം
എന്നാത്മാവിൽ അനുഭൂതിയേകുമ്പോൾ
രാവിലതുപുതുരാഗങ്ങൾ തീർക്കുന്നു
വിരഹികളുടെ ഹൃദയത്തിൻ വ്യഥപോലെ
രാപ്പാടികൾതൻ ഈണം
രാവിൻ ഏകാന്തതയിൽ
മുഴങ്ങുന്നു.

തങ്കമണി വി ബി

# പ്രകൃതി മനോഹരി....



കേരവൃക്ഷങ്ങൾ നിറഞ്ഞതി-
എൻ കേരളം
കാളിന്തിയോളങ്ങൾ തള്ളിടും
കടലിൽ എൻ കേരളം
എന്തൊരു ഭംഗി!

പൂക്കളിൽ നിന്നു തേൻ
നുകരുന്ന പറവകൾ
മധുപധങ്ങൾ പാറിനടക്കുമീ-

പ്രകൃതിയെ കാണുവാൻ
എന്തൊരു ചന്തം!
പുഴകളിൽ നിന്നും ചാടുന്ന മീനിനെ
കാണുവാൻ എന്തു രസം
പ്രകൃതിയിൽ നിന്ന് ഉദിച്ചുപൊങ്ങീടുന്ന
സൂര്യനെ കാണുവാൻ എന്തു വർണ്ണം!
ആകാശനീവയിൽ ചന്ദ്രനുചുറ്റും
മിന്നിത്തിളങ്ങീടുന്ന താരങ്ങൾ
കാണുവാൻ എന്തൊരു മോടി!
മഴയത്തുപീലിവിടർത്തി
നൃത്തമാടീടുന്ന മയിലിനെക്കാണുവാൻ
എന്തൊരു കാന്തി!
കാറ്റത്താടിയുലഞ്ഞീടുമീ വൃക്ഷങ്ങൾ
എൻെറ പ്രകൃതിക്കി ഇതെന്തു ഭംഗി!
വയലുകൾ,പുഴകൾ,മലരണിക്കാടുകൾ
തിങ്ങിനിറഞ്ഞയെൻ പ്രകൃതിയെ
കാണ്മാൻ എന്തു ചന്തം!
വിമലശ്രീ നിത്യം പുലർന്ന
പ്രഭാതത്തിൽ കോകിലങ്ങൾ
പറന്നു പാടി!
രാത്രിയിൽ ആകാശത്തിലോരോ

മിന്നുന്നതാരങ്ങളേ

കാണുവാൻ എന്തു വർണ്ണം!

മരച്ചില്ലകളിൽ ചാടിച്ചാടി

നടക്കുന്ന അണ്ണാരക്കണ്ണനെ

കാണാൻ എന്തു കാന്തി!

എല്ലാ സൗഭാഗ്യങ്ങളും

നിറഞ്ഞ എൻ

പ്രകൃതിയെ കാണുവാൻ

എന്തു മനോഹരം!

രചയിതാവ് : അമൃത.വി

5.A

# പ്രളയം



നീലമഴമേഘങ്ങളെത്തി
മനസ്സിന്റെ നീലകൊട്ടുങ്കാറായ്മാറി
ആ‍ത്തുലച്ചാടിക്കലിതുള്ളി മഴമേഘം
മണ്ണിലേക്കൊന്നങ്ങുചാടി

ആകൊടും കാറ്റങ്ങുവീശി -
മഴയൊ കലിതുള്ളിമണ്ണിനെമൂടി
അപ്പൊഴെ പ്രകൃതിയുടെ
സന്തുലനാവസ്ഥഅടിമുടിയങ്ങനെമാറി

ആർത്തുലച്ചങ്ങനെപെയ്യുന്നപേമാരി
ശമനമില്ലാതങ്ങു നീണ്ടു...
അപ്പൊഴെ മാനുഷ്യ ഹൃദയം
തുടിച്ചുപോൽ നല്ലൊരുനാളേയ്ക്കുവേണ്ടി

പൊയ്പ്പോയകാലംനാം ചെയ്-

തൊരാതെറ്റുകൾ തിരിച്ചടികളായ്
ഇതാ വന്നു ആതെറ്റുകൾപൊ
റുത്തിട്ടമ്മഞങ്ങൾക്ക് മാപ്പുതന്നീ-
ടണമേ ഇന്ന്

മാപ്പുതന്നീടണമെ ഇന്ന്.

-രവീണ രവീന്ദ്രൻ

# വേഗത്തിൽ ചൊല്ലാമോ ?




**മടിയനടിയോടി**
**യോടിയാലുടനടി**
**പിടിയവനടെ**
**തുടയിലടിവടി**
**യൊടിയുവോളം**

# കുസൃതി ചോദ്യങ്ങൾ

ആളുകൾ ആഗ്രഹിക്കാത്ത പണം.

ഏറ്റവും ചെറിയ പാലം.

താമസിക്കാൻ പറ്റാത്ത വീട്.

നട്ടാൽ മുളക്കാത്ത പയർ.

തലകുത്തി നിന്നാൽ വലുതാകുന്നതാര്.

വെള്ളത്തിൽ വീണാൽ  നനയാത്ത വസ്തു

തലയിൽ കാല് വച്ച് നടക്കുന്ന ജീവി.

ഒരുമനുഷ്യന് എങ്ങനെ എട്ട് പകലുകൾ ഉറക്കമില്ലതെ കഴിയാൻ പറ്റും?

## ഉത്തരങ്ങൾ

ആരോപണം

മൂക്കിന്റെ പാലം

ചീവീട്

അമ്പയർ

ആറ്

നിഴൽ

പേന്‍

എട്ട് രാത്രികൾ ഉറങ്ങിയാൽ മതി